ശ്രീ. കണ്ണാറമോപാലപ്പണിക്കർ: ഈ ടാജഡിയിൽ എത്രപേർ മരിച്ചു.

ശ്രീ. സി. കേശവൻ: ഏഴ പേരെന്നാണ് അറിവു.

ട്രാൻസ്പോർട്ട് കാപ്പുറേഷൻ

*൪ ൭൪. (൨) ശ്രീ. വി. കെ.വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ഈ സ്റ്റേറിൽ ട്രാൻസ്പോർട്ട് കാപ്പുറേഷൻ തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ടോ?

വിദ്യാഭ്യാസവും, സിവിൽസപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇപ്പോൾ യാതൊരു ആലോചനയും ഇല്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഏതെങ്കിലും സ്റ്റേറിൽ ഇതു നടപ്പിൽ വന്നിരിക്കുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിവില്ല.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇതു ആലോചിക്കേണ്ട ഒരു വിഷയമാണെന്നു അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ആലോചിക്കാവുന്ന ഒരു വിഷയമാണ്.

പുതിയ ബസ്സ് ലൈസൻസ്

*൪൭൬. (൩) ശ്രീ. വി. കെ. വർഗ്ഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ട്രാൻസ്പോർട്ട് അതാറിട്ടി പുതിയ ബസ്സ്ലൈസൻസ് അനുവദിച്ചതിനെപ്പറ്റി വല്ല പരാതികളും ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ട്രാൻസ്പോർട്ട് അതാറിട്ടിനിയമനത്തിനുശേഷം എത്ര പുതിയ ലൈസൻസുകൾ അനുവദിച്ചിട്ടുണ്ട്?

വിദ്യാഭ്യാസവും, സിവിൽ സപ്ലൈസും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള)

(എ) ഗവൺമെണ്ടിനു ട്രാൻസ്പോർട്ട് അതാറിട്ടിയുടെ തീരുമാനത്തിന്മേലുള്ള അപ്പീലുകൾ കിട്ടുന്നുണ്ട്.

(ബി) ഉവ്വ.

ശ്രീ. വി. കെ. വർഗ്ഗീസ്: അതാറിട്ടി ഈ ലൈസൻസുകൾ നൽകുന്നതിനെ സംബന്ധിച്ച് വല്ല കോടതികളും വല്ലതുമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: മോട്ടോർ വെഹിക്കിൾസ് കോടതിയിൽ തന്നെ ഇതിനുള്ള വ്യവസ്ഥകൾ ഉണ്ട്.

ശ്രീ. വി. കെ. വർഗ്ഗീസ്: ഇതിനെ സംബന്ധിച്ച് അന്വേഷിക്കുന്നതാരാണ്?

ശ്രീ. ടി. കെ. നാരായണപിള്ള: ഡി. എസ്സ്. പി.യും സ്ഥലം എം. എൽ. എ. മാരുമാണ്.

ശ്രീ. വി. കെ. വർഗ്ഗീസ്: അവരുടെ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി ഏതെങ്കിലും ലൈസൻസുകൾ കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ധാരാളം ഉണ്ട്. ഈ ഉവ്വ ലൈസൻസുകളും നല്കിയത് ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ്.

LIBRARY ARCHIVES Kerala Legislative Assembly